# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -5340** **27.07.2015- ൽ മറുപടിക്ക്**

## പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. ഈ ബൈപ്പാസിന്റെ അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ കോടതികളിലൂൾപ്പെടെ തുടർന്നു വരുന്നതിനാൽ അലൈൻമെന്റിൽ അന്തിമ തീരുമാനമായിട്ടില്ല. ഇതുകാരണം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനും കഴിഞ്ഞിട്ടില്ല. |
| (ബി) പെരുമ്പാവൂർ ബൈപ്പാസിനോടൊപ്പം G.O.(Rt)706/10/PWD dt.29.04.10 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കുമോ; | (ബി)<br>(i) GO(Rt)706/10/PWD dt. 29-04-10 പ്രകാരം ഭരണാനുമതി നൽകിയ 7 പദ്ധതികളിൽ കുമാരനല്ലൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>(ii) സ്റ്റേഷൻകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും പണി തടസ്സപ്പെടുകയും പ്രവൃത്തിക്കുള്ള കരാർ അവസാനിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ ബാക്കി പ്രവൃത്തികൾക്ക് റീ ടെണ്ടർ ചെയ്തിരിക്കുകയാണ്.<br>(iii) അഴിമാവ് കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. നഷ്ടപരിഹാര തുക അനുവദിച്ച് 17-07-2015 ൽ ഉത്തരവായിട്ടുണ്ട്.<br>(iv) മലപ്പുറം ജില്ലയിലെ തിരുനാവായ പാലത്തിന്റേയും നിലമ്പൂർ ബൈപ്പാസിന്റേയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.<br>(v) പെരുമൺ പാലം നിർമ്മാണം ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. |

| | | |
|---|---|---|
| (സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ: | (സി) & (ഡി) | പെരുമ്പാവൂർ ടൗൺ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച് അലൈൻമെന്റ് പുനർനിർണ്ണയിച്ചതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാനും. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാനും കഴിയുകയുള്ളൂ. |
| (ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ:? | | |

സെക്ഷൻ ഓഫീസർ